ചെറുകിട വ്യവസായ യൂണിറ്റുകൾ ജപ്തി ചെയ്തതായി പരാതി

10. [1789] ശ്രീ. കെ. ബാബു : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ധനകാര്യ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) കേരള സ്റ്റേറ്റ് ഫിനാൻഷ്യൽ കോർപ്പറേഷന്റെ പ്രവർത്തനത്തെക്കുറിച്ച് സർക്കാർ വിലയിരുത്തിയിട്ടുണ്ടോ ;

(ബി) സർക്കാരിന്റെ വ്യാവസായിക നയവുമായി പൊരുത്തപ്പെടുന്ന രീതിയിലാണോ കെ. എഫ്. സി. യുടെ പ്രവർത്തനം എന്ന് പരിശോധിച്ചിട്ടുണ്ടോ ;

(സി) കെ. എഫ്. സി.യുടെ ബൈല അനുസരിച്ചുള്ള സമയ ദൈർഘ്യവും നിയമാനുസൃത നോട്ടീസുകളും നൽകാതെയാണ് പല വ്യവസായ സ്ഥാപനങ്ങളും ലേലം ചെയ്തിട്ടുള്ളതെന്ന് പരാതി ഉണ്ടായിട്ടുണ്ടോ ;

(ഡി) ചില കേസുകളിൽ ലോൺ തുക എഴുതിത്തള്ളിയിട്ടുള്ള വസ്തുത ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ ;

(ഇ) കെ. എഫ്. സി.യുടെ ധൃതി വച്ചുള്ള ജപ്തി നടപടിമൂലം ലാഭത്തിന് പകരം വ്യവസായികൾക്ക് കനത്ത നഷ്ടമുണ്ടായിട്ടുണ്ടോ ;

(എഫ്) കെ. എഫ്. സിയുടെ പ്രവർത്തനം കാര്യക്ഷമമാക്കുവാൻ സർക്കാർ എന്തെങ്കിലും നടപടി സ്വീകരിക്കാൻ ഉദ്ദേശിക്കുന്നുണ്ടോ എന്നു വ്യക്തമാക്കുമോ ?

ഉത്തരം

(എ) കേരള ഫിനാൻഷ്യൽ കോർപ്പറേഷന്റെ പ്രവർത്തനത്തെക്കുറിച്ച് എല്ലാ വർഷവും വ്യവസായ വികസന ബാങ്ക് (ഐ. ഡി. ബി. ഐ.) വിലയിരുത്തുകയും അതിന്റെ വിശദമായ റിപ്പോർട്ട് സർക്കാരിന് സമർപ്പിക്കുകയും ചെയ്യാറുണ്ട്. ഇതിനു പുറമേ അക്കൗണ്ടന്റ് ജനറലിന്റെ പരിശോധനാ റിപ്പോർട്ട് വർഷംതോറും സർക്കാരിന് ലഭിക്കുന്നുണ്ട്. സംസ്ഥാന ആസൂത്രണ ബോർഡും കോർപ്പറേഷന്റെ പ്രവർത്തനത്തെ വിലയിരുത്താറുണ്ട്. ഇത്തരം റിപ്പോർട്ടുകളും വിലയിരുത്തിയതിനുശേഷം, ആവശ്യമായ സന്ദർഭങ്ങളിൽ വേണ്ട നിർദ്ദേശം നൽകാറുണ്ട്.

(ബി) സർക്കാരിന്റെ വ്യാവസായിക നയവുമായുള്ള പൊരുത്തക്കേടുകൾ ശ്രദ്ധയിൽപ്പെട്ടിട്ടില്ല.

(സി) പരാതികൾ ലഭിച്ചിട്ടുണ്ട്.

(ഡി) ലോൺ തുക എഴുതിത്തള്ളിയിട്ടില്ല എങ്കിലും ചില കേസുകളിൽ പ്രത്യേക സാഹചര്യങ്ങളിൽ പലിശയിൽ ഇളവു നൽകി ഒറ്റ തവണ അടവിയുടെ അക്കൗണ്ടുകൾ അവസാനിപ്പിക്കുവാൻ അവസരം നൽകിയിട്ടുണ്ട്. ഇത്തരം തുകകൾ എഴുതിത്തള്ളേണ്ടി വരും.

(ഇ) കെ. എഫ്. സി. ധൃതി വച്ചുള്ള ജപ്തി നടപടികൾ സ്വീകരിച്ചിട്ടില്ല. മറ്റെല്ലാവഴികളും നോക്കിയതിനുശേഷമാണ് ഏറ്റെടുത്ത് ജപ്തി നടപടികളിലൂടെ വായ്പ തുക ഈടാക്കാൻ ശ്രമിക്കുന്നത്. സ്വകാര്യ വ്യവസായികൾക്ക് ഉണ്ടായിട്ടുള്ള നഷ്ടത്തിന്റെ കണക്ക് ലഭ്യമല്ല.

2/80/97/V.

LIBRARY ARCHIVES Kerala Legislative Assembly

(എഫ്) വായ്പ അനുവദിക്കുന്നത ലും, വിതരണം ചെയ്യുന്നതിലും, പിരിച്ചെടുക്കുന്നതിലും കെ. എഫ്. സി. ഈ വർഷം നല്ല പുരോഗതി കൈവരിച്ചിട്ടുണ്ട്. കൂടാതെ ഫിനാൻഷ്യൽ സർവ്വീസ്, ലീസ് ഫിനാൻസിംഗ് തുടങ്ങിയ മേഖലകളിലും കെ. എഫ്. സി. പ്രവർത്തനം വ്യാപിപ്പിച്ചിട്ടുണ്ട്. കെ. എഫ്. സി. യുടെ പ്രവർത്തനം കൂടുതൽ കാര്യക്ഷമമാക്കുന്നതിന് ധനകാര്യ വകുപ്പുമന്ത്രി ചെയർമാനായി ഒരു ഉപദേശക സമിതി രൂപീകരിക്കാൻ സർക്കാർ തീരുമാനമായിട്ടുണ്ട്.

ബചത് പഞ്ചായത്തുകൾ

11. [1790] ശ്രീ. പാലോട് രവി : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ധനകാര്യ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) 1995-96 സാമ്പത്തിക വർഷം സംസ്ഥാനത്ത് എത്ര പഞ്ചായത്തുകളെ ബചത് പഞ്ചായത്തുകളായി പ്രഖ്യാപിച്ചിട്ടുണ്ട് ;

(ബി) അവ ഏതൊക്കെ എന്ന് വ്യക്തമാക്കുമോ ;

(സി) ഈ പഞ്ചായത്തുകളിൽ പ്രസ്തുത പ്രഖ്യാപനത്തോട് അനുബന്ധിച്ച് എന്തൊക്കെ വികസന പ്രവർത്തനങ്ങളാണ് നടത്തിയതെന്ന് വ്യക്തമാക്കാമോ ?

ഉത്തരം

(എ) 1995-96 സാമ്പത്തിക വർഷം സംസ്ഥാനത്ത് (1996 മാർച്ച് ഒന്ന് വരെ) 138 പഞ്ചായത്തുകളെ ബചത് പഞ്ചായത്തുകളായി പ്രഖ്യാപിച്ചിട്ടുണ്ട്.

(ബി) പഞ്ചായത്തുകളുടെ പേരുവിവരം പട്ടിക 1-ൽ കൊടുത്തിരിക്കുന്നു.†

(സി) "ബചത്"" ആയി പ്രഖ്യാപിക്കപ്പെടുന്ന പഞ്ചായത്തുകൾക്ക് ഗ്രാൻറായി നൽകുന്ന പരമാവധി 50,000 രൂപ പഞ്ചായത്തുകളുടെ വികസന പ്രവർത്തനങ്ങൾക്കാണ് വിനിയോഗിക്കുന്നത്. പൊതുവേ, റോഡുകളുടെ പുനരുദ്ധാരണം, വെയിറ്റിംഗ് ഷെഡ് നിർമ്മാണം തുടങ്ങിയ വികസന പ്രവർത്തനങ്ങളാണ് ഏറ്റെടുത്ത് നടപ്പാക്കിവരുന്നത്.

കേരള ഫൈനാൻഷ്യൽ എൻറർപ്രൈസസിൻെറ ശാഖകൾ

12. [1791] ശ്രീ. പാലോട് രവി : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ധനകാര്യ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) സംസ്ഥാനത്ത് 1995-96 സാമ്പത്തിക വർഷത്തിൽ കേരള ഫൈനാൻഷ്യൽ എൻറർപ്രൈസസിൻെറ എത്ര ശാഖകൾ തുറന്നു ;

(ബി) എവിടെയെല്ലാം ;

(സി) ബ്രാഞ്ചുകൾ തുറക്കാൻ നിർദ്ദേശമുള്ള സ്ഥലങ്ങളിൽ അവ ഉടനടി തുടങ്ങുന്നതിനുള്ള നടപടി സ്വീകരിക്കുമോ ?

ഉത്തരം

(എ) 1995-96 സാമ്പത്തിക വർഷത്തിൽ കേരള ഫൈനാൻഷ്യൽ എൻറർപ്രൈസസ് ലിമിറഡിൻെറ 11 ശാഖകൾ തുറന്നു.

† ലൈബ്രറിയിൽ വച്ചിട്ടുണ്ട്.

LIBRARY ARCHIVES Kerala Legislative Assembly